**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2515** **27-02-2023 - ൽ മറുപടിയ്ക്ക്**

**പാറ ഖനനത്തിനുള്ള റോയൽറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാറ ഖനനം ചെയ്യുന്നതിനുള്ള റോയൽറ്റി നിലവിൽ എത്ര രൂപയാണ്; ഇത് അവസാനമായി പരിഷ്ക്കരിച്ചത് എന്നാണ്; വ്യക്തമാക്കുമോ; | (എ) | പാറയുടെ നിലവിലെ റോയൽറ്റി മെട്രിക് ടണ്ണിന് 24 രൂപയാണ്. ഇത് അവസാനമായി വർദ്ധിപ്പിച്ചത് 2015-ൽ ആണ് |
| (ബി) | 1957-ലെ കേന്ദ്ര ഖനന ചട്ടം വകുപ്പ് 9(3) പ്രകാരം ഒരു ധാതുവിന്റെ റോയൽറ്റി മൂന്നുവർഷത്തിനുള്ളിൽ ഒരു പ്രാവശ്യം എന്ന രീതിയിൽ പുതുക്കി നിശ്ചയിക്കാൻ സാധിക്കുമോ; വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര ഖനന ചട്ടമായ MMD&R Act 1957 ചട്ടം 9 (3) പ്രകാരം ഒരു ധാതുവിന്റെ റോയൽറ്റി മൂന്ന് വർഷത്തിനുള്ളിൽ ഒരു പ്രാവശ്യം എന്ന രീതിയിൽ പുതുക്കി നിശ്ചയിക്കാവുന്നതാണ്. റോയൽറ്റി പുതുക്കി എത്ര വർഷമായെന്നതും, നിലവിലെ മാർക്കറ്റ് വാല്യുവിന്റെ വിവരങ്ങളും, സർക്കാർ തലത്തിലും, മറ്റ് ഉദ്യോഗസ്ഥ തലത്തിലും നടത്തുന്ന ചർച്ചകളുടെയും അടിസ്ഥാനത്തിലുമാണ് സാധാരണയായി റോയൽറ്റി നിരക്ക് പുതുക്കി നിശ്ചയിക്കാറുള്ളത്. |
| (സി) | സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ പാറ ഖനനത്തിനുള്ള റോയൽറ്റി ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | സംസ്ഥാന ബഡ്ജറ്റ് പ്രഖ്യാപനത്തിൽ റോയൽറ്റി തുക വർദ്ധിപ്പിക്കുന്നതായി പരാമർശിച്ചിട്ടുണ്ട്. പാറ ഖനനത്തിനുള്ള റോയൽറ്റി ഉയർത്തുന്നത് ഉൾപ്പെടെയുള്ള ഭേദഗതികൾ 2015-ലെ K.M.M.C ചട്ടങ്ങളിൽ വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ